ഉണ്ടന്തൽ കമ്പനി

*വ്വൻ ൪. (നമ്പർ) ശ്രീ. എ. വി. ജോസഫ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം ഉത്തരം പറയുമോ.—

(എ) ഈ സംസ്ഥാനത്തു് ഒരു ഉണ്ടന്തൽ കമ്പനി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എങ്ങിനെ?

വ്യവസായവും എക്സൈസും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഉണ്ടു്.

(ബി) ബോംബെ ജമിനാൽ ത്രെഡ്മിൽ കമ്പനിക്കാർ.

ശ്രീ. എ. വി. ജോസഫ് : അതു എവിടെയാണു് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതു്.

ശ്രീ. എൻ. കുഞ്ഞുരാമൻ : കൊറട്ടിയങ്ങാടി എന്ന സ്ഥലത്താണു്.

ധനസഹായം

*വ്വൻ ൫. (നമ്പർ) ശ്രീ. എ. വി. ജോസഫ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) പെരുമ്പാവൂർ അടുത്തുള്ള റയൺസ് കമ്പനിക്കു് ഇതിനകം എത്ര ധനസഹായം നൽകിയിട്ടുണ്ടു് ;

(ബി) ആ കമ്പനിയിലെ നിയമനങ്ങൾ എല്ലാം നടത്തുന്നതാരാണു്?

വ്യവസായവും എക്സൈസും പ്രാദേശിക സ്വയംഭരണവും വകുപ്പുമന്ത്രി (ശ്രീ. എൻ. കുഞ്ഞുരാമൻ):

(എ) ഷെയർവില ൫൦ ലക്ഷം രൂപ. വായ്പ ൯൫ ലക്ഷംരൂപ.

(ബി) മാനേജിംഗ് ഏജൻറസു്.

ശ്രീ. എ. വി. ജോസഫ് : അവിടെ കൈത്തൂലി കൊടുത്തല്ലാതെ ഉദ്യോഗം കിട്ടാൻ നിവൃത്തിയില്ലെന്നറിയാമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : ഗവൺമെണ്ടിനു് അങ്ങനെ അറിവില്ല.

ശ്രീ. എ. വി. ജോസഫ് : അതിനെപ്പറ്റി ഗവൺമെണ്ടു് ഒന്നു് അന്വേഷിക്കുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ : മാനേജിംഗ് ഏജൻറസ് ആണു് നിയമനം നടത്തേണ്ടതു്. ആവശ്യമില്ലാത്ത രീതിയിൽ ഗവൺമെണ്ടു് അതിൽ ഇടപെടേണ്ട ആവശ്യമില്ല.

ശ്രീ. എ. വി. ജോസഫ് : ഗവൺമെണ്ടിൽനിന്നും പണം വാങ്ങിക്കൊണ്ടു് അതിൻറെ മാനേജിംഗ് ഏജൻറസ് പ്രദേശികർക്കാണു് ഉദ്യോഗം നൽകുന്നതെന്നറിയാമോ ?

Mr. Speaker : That is imparting information.

ശ്രീ. ആർ. ശങ്കർ : ഗവൺമെണ്ടു് ആ കമ്പനിയിൽ എത്ര ശതമാനം ഷെയർ എടുത്തിട്ടുണ്ടു്.

ശ്രീ. എൻ. കുഞ്ഞുരാമൻ : ൫൦ ശതമാനം.

LIBRARY ARCHIVES Kerala Legislative Assembly